പദ്ധതികൾക്ക് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച തുകകൾ അടുത്തവർഷ മാദ്യം തന്നെ പുനഃപരിശോധിക്കേണ്ടിവരും. അതിനുവേണ്ട നിർദ്ദേശങ്ങൾ പ്ലാനിംഗ് വകുപ്പും ധനകാര്യ വകുപ്പും കൂടിയാലോചിച്ച് താമസിയാതെ നൽകുന്നതാണ്. മൊത്തം വികസനച്ചെലവിനുള്ള തുകയിൽ സാരമായ കുറവു വരുത്താതെയായിരിക്കും ഈ പുനഃപരിശോധന എന്നും വ്യക്തമാക്കിക്കൊള്ളട്ടെ.

കൃഷി

'ഏരിയാ ഡവലപ്പ്മെൻറ്' എന്ന പദ്ധതിക്ക് അനുയോജ്യമായ ഒരു കാർഷിക വികസന രീതിയാണ് ആറാം പദ്ധതികാലത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. 1.25 ലക്ഷം മെട്രിക്ക് ടൺ അരി, 136 ദശലക്ഷം നാളികേരം, 12,700 ടൺ കശുവണ്ടി, 8,750 ടൺ കുരുമുളക് എന്നിവ കൂടുതലായി ഉൽപ്പാദിപ്പിക്കുക എന്നതാണ് 1979–80-ലെ പരിപാടിയുടെ പ്രധാന ലക്ഷ്യം. കൃഷിവകുപ്പിന്റെ സാങ്കേതിക ജ്ഞാനവും സഹകരണവും ഓരോ കൃഷിക്കാരനും ലഭിക്കത്തക്കവിധത്തിൽ വകുപ്പിന്റെ വികസന പ്രചരണ പരിപാടികൾ കൂടുതൽ ഫലവത്താക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ 'അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ' വഴി ശേഖരിച്ച് കർഷകർക്ക് വിതരണം ചെയ്യാൻ പരിപാടിയുണ്ട്. നിലവിലുള്ള 489 'ഉൗർജ്ജിത നെൽകൃഷി വികസന യൂണിറ്റു'കൾക്കു പുറമേ, 40 പുതിയ യൂണിറ്റുകൾകൂടി സ്ഥാപിക്കുന്നതാണ്. 25 ശതമാനം സബ്സിഡി നൽകിക്കൊണ്ട് കൃഷി സംരക്ഷണോപകരണങ്ങളുടെ വിതരണം തുടരുന്നതും അത്യുൽപ്പാദന ശേഷിയുള്ള വിത്തുകളുടെ ഉപയോഗം ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതുമാണ്. ജില്ലാ തലത്തിൽ പരീക്ഷണശാലകൾ സ്ഥാപിച്ച് മണ്ണുപരിശോധനയ്ക്കുള്ള സൗകര്യം വർദ്ധിപ്പിക്കുന്നതാണ്. 50,000 ഹെക്ടർ ഭൂമിക്ക് പ്രയോജനം ലഭിക്കത്തക്കവിധത്തിൽ 25 ശതമാനം വീതം സബ്സിഡി നൽകിക്കൊണ്ട് രാസവസ്തുക്കൾ വിതരണം ചെയ്യുന്നതാണ്. മുഞ്ഞബാധ നിയന്ത്രിക്കുന്നതിന് നെൽകൃഷിക്കാർക്ക് ധനസഹായം നൽകുന്നതിനും പരിപാടിയുണ്ട്.

രോഗബാധയുള്ളതും ഉൽപ്പാദനക്ഷമമല്ലാത്തതുമായ തെങ്ങുകളുടെ പുനരുദ്ധാരണ പദ്ധതി തുടരുന്നതാണ്. വിവിധയിനങ്ങളിലുള്ള 15 ലക്ഷം തെങ്ങിൻ തൈകൾ 1979–80-ൽ വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു.

ഹെക്ടറിന് 350 രൂപവരെ സഹായധനം നൽകി കശുമാവു കൃഷി വൻതോതിൽ വികസിപ്പിക്കുവാൻ പരിപാടിയുണ്ട്. സബ്സിഡിയോടുകൂടിയ സസ്യസംരക്ഷണ പദ്ധതികളും നടപ്പിലാക്കുന്നതാണ്. നിലവിലുള്ള കശുമാവുതോട്ടങ്ങളിൽ മേൽത്തരം തൈകൾ വച്ചുപിടിപ്പിക്കുന്നതാണ്.

ഉൽപ്പാദനക്ഷമമല്ലാത്ത കുരുമുളകുചെടികൾക്കു പകരം പുതിയവ വച്ചുപിടിപ്പിക്കുന്ന ഒരു പരിപാടിയും നടപ്പാക്കുന്നതാണ്. നിലവിലുള്ള 30 കുരുമുളകു പാക്കേജ് യൂണിറ്റുകൾക്കുപുറമേ പുതിയ യൂണിറ്റുകൾ സ്ഥാപിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

1979–80-ൽ കൊക്കോകൃഷി കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിക്കാനുദ്ദേശിക്കുന്നു. ഇതിലേക്കായി 20 ലക്ഷം തൈകൾ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുന്നതാണ്. ഭൂഗർഭജലത്തിന്റെ ശരിയായ ഉപയോഗം സാദ്ധ്യമാക്കുന്നതിന് ഒരു പുതിയ വകുപ്പുതന്നെ രൂപീകരിച്ചിട്ടുണ്ട്. വരൾച്ചബാധിക്കുന്ന പ്രദേശങ്ങളിലെ നാണ്യവിളകൾക്കു ഭൂഗർഭജലത്തിന്റെ പരമാവധി ഉപയോഗം ലഭിക്കത്തക്കവണ്ണം ചില പുതിയ പദ്ധതികൾ അടുത്ത വർഷം നടപ്പിലാക്കുന്നതാണ്.

ഉപഭോക്തൃവിലയുടെ ന്യായമായ പങ്ക് ഉൽപ്പാദകന് ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിലേക്കായി പടിപടിയായി സംസ്ഥാനത്തൊട്ടാകെ നിയന്ത്രിത വിപണി സമ്പ്രദായം ഏർപ്പെടുത്തുന്നതാണ്. ഇതിലേക്കാവശ്യമായ നിയമനിർമാണം സർക്കാരിന്റെ പരിഗണനയിലുണ്ട്.

കമാൻഡ് ഏരിയ ഡവലപ്പ്മെന്റ്

പദ്ധതിയിൻകീഴിൽ മലമ്പുഴ, പീച്ചി, ചാലക്കുടി എന്നീ പദ്ധതി പ്രദേശങ്ങളുടെ വികസനം ത്വരിതപ്പെടുത്തുന്നതാണ്. പാലക്കാട്, തൃശ്ശൂർ, തിരുവനന്തപുരം എന്നീ ജില്ലകളിലുള്ള ജലസേചനപദ്ധതികളെക്കൂടി ഇതിൽ ഉൾപ്പെടുത്തണമെന്ന് ഈ ഗവൺമെന്റ് കേന്ദ്ര സർക്കാരിനോട് വശ്യപ്പെട്ടിട്ടുണ്ട്. പ്രധാനപ്പെട്ട എല്ലാ ജലസേചന പദ്ധതി പ്രദേശങ്ങളുടെയും വികസനം ഉറപ്പു വരുത്തുന്നതിലേക്കായി ഒരു കമാൻഡ് 'ഏരിയാ ഡെവലപ്പ്മെന്റ് അതോറിറ്റി' രൂപവൽക്കരിക്കുന്നതാണ്.

കപ്പയുടെയും നെല്ലിന്റെയും താങ്ങുവില പദ്ധതി അടുത്ത വർഷവും തുടരുന്നതാണ്. റബ്ബറിനു ന്യായമായ തറവില നിശ്ചയിച്ചു കിട്ടുന്നതിനും കേന്ദ്രസർക്കാരുമായി ചർച്ചകൾ നടത്തിക്കഴിഞ്ഞു. നാളികേരം, കശുവണ്ടി, കുരുമുളക് എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് കേരള കാർഷിക വികസന പദ്ധതിക്ക് ലോകബാങ്കിന്റെ സഹായം കിട്ടിക്കൊണ്ടിരിക്കുകയാണ്. 'അഗ്രിക്കൾച്ചറൽ റീ ഫൈനാൻസ് ആൻറ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ' സഹായത്തോടുകൂടി ചെറുകിട ജലസേചനം, കാർഷിക വികസനം എന്നിവയ്ക്കുവേണ്ടി പല പദ്ധതികളും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നുള്ള ധനസഹായം ഉപയോഗിച്ച് കശുവണ്ടി, കാപ്പി ഇവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനു കൂടുതൽ പദ്ധതികളും ആവിഷ്കരിക്കുന്നതാണ്.

നമ്മുടെ നാട്ടിലെ ഭൂമിയുടെ നിമ്നോന്നതമായ കിടപ്പുമൂലം മണ്ണു സംരക്ഷണം വളരെ പ്രാധാന്യമർഹിക്കുന്നു. 15 ലക്ഷം ഹെക്ടർ ഭൂമിയിൽ മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ ആവശ്യമായിരിക്കെ, 50,000 ഹെക്ടർ ഭൂമിയിൽ മാത്രമേ മണ്ണു സംരക്ഷണ പരിപാടികൾ നടപ്പിലാക്കുവാൻ നമുക്കു സാധിച്ചിട്ടുള്ളു. മണ്ണു സംരക്ഷണ പരിപാടികൾക്കുവേണ്ടി അടുത്ത വർഷം 150 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. കൃഷിയോഗ്യമാക്കിത്തീർക്കാവുന്ന ഭൂമിയിലെ മണ്ണു ജലസംരക്ഷണം, നീർമറി പ്രദേശങ്ങളിലെ മണ്ണുസംരക്ഷണം, സംയോജിത വികസനം, ഹരിജനങ്ങൾ ഗിരിവർഗക്കാർ എന്നിവരുടെ കൈവശമുള്ള ഭൂമിക്കു പ്രയോജനം ലഭിക്കുന്ന മണ്ണു സംരക്ഷണം, ജലസേചിത ഭൂമിയിലെ മണ്ണു സംരക്ഷണം, വെള്ളം കെട്ടിക്കിടക്കുന്ന പ്രദേശങ്ങളുടെ വീണ്ടെടുക്കൽ എന്നിവയാണ് അടുത്ത വർഷം നടപ്പിലാക്കുവാനുദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ.

LIBRARY ARCHIVES Kerala Legislative Assembly